പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 292 | 28/01/2019 ൽ മറുപടി<br>നല്കേണ്ടത്. |

## കീടനാശിനി കലർന്ന കറിമസാലകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്കിടയാക്കുന്ന കീടനാശിനി കലർന്ന. കറിമസാലകൾ വിപണിയിൽ സുലഭമായി വിറ്റഴിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കറിമസാലകളുടെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തിയതിൽ കീടനാശിനികൾ കലർന്നതായി പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. |
| ബി) | ഭക്ഷ്യസുരക്ഷാവകുപ്പ് ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; പ്രസ്തുത പരിശോധനയിൽ വെളിവായിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; | ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ Triazophos, Ethion, Profonofos എന്നീ കീടനാശിനികളുടെ സാന്നിദ്ധ്യം ഉള്ളതായി പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. |
| സി) | ഈ സർക്കാരിന്റെകാലത്ത് ഭക്ഷ്യസുരക്ഷ ഓഫീസർമാരായി എത്രപേരെ നിയമിച്ചിട്ടുണ്ട്; | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 119 ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ പി.എസ്.സി വഴി നിയമിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത ഓഫീസർമാരെ നിയമിച്ച ശേഷവും വിപണിയിൽ ആവശ്യമായ പരിശോധന നടത്തി മായം കലർന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ സാധിക്കാത്തതിന് കാരണം വ്യക്ത മാക്കുമോ? | ഡി) | ലഭ്യമായ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ആവശ്യമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. മായം കലർന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധനകൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ